## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7310 3-11-2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലാബുകളുടെ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, എൻ. ഷംസുദ്ദീൻ<br>,, വി. എം.ഉമ്മർ മാസ്റ്റർ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മണ്ണ്, വളം, കീടനാശിനി തുടങ്ങിയവയുടെ സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകളുടെ സൗകര്യങ്ങൾ പ്രതീക്ഷിത കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) | മണ്ണ് സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇല്ലെങ്കിൽ പരിശോധനാ സംവിധാനത്തിൽ കാലോചിതമായ പരിഷ്ക്കരണ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;. | (ബി) | വാർഷിക പദ്ധതി 2011-12 ന്റെ ഭാഗമായ 'മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്' എന്ന പദ്ധതി പ്രകാരം കേരളത്തിലെ മണ്ണ് പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ ആധുനിക വൽക്കരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് പ്രകാരം മണ്ണ് പരിശോധനാ ലാബുകൾക്കായി റവന്യൂ ഹെഡിൽ 62.7 ലക്ഷം രൂപയും ക്യാപിറ്റൽ ഹെഡിൽ 27.45 ലക്ഷം രൂപയും 2011 -12ൽ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോജക്ട് ഫോർ മാനേജ്മെന്റ് ഓഫ് സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ മണ്ണ്, വളം പരിശോധനാ ലാബുകൾ നവീകരിക്കുന്നതിനായി 2011-12ൽ 140 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര |

സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് ആധുനികവൽക്കരണം തുടരുന്നതാണ്.

(സി) സംസ്ഥാനത്ത് നിലവിലുള്ള ലാബുകളുടെ സൗകര്യങ്ങളെക്കുറിച്ച് വിശദവിവരം നൽകാമോ;

(സി) സംസ്ഥാനത്ത് നിലവിൽ സെൻട്രൽ സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് (തിരുവനന്തപുരം) ഉൾപ്പെടെ 14 ജില്ലാതല മണ്ണ് പരിശോധനാ ലാബുകൾ ഉണ്ട്. ഇവയ്ക്കെല്ലാം തന്നെ സ്വന്തമായ കെട്ടിടങ്ങളും ആവശ്യമായ ഉപകരണങ്ങളും ഉണ്ട്. സൂക്ഷ്മ മൂലകങ്ങൾ പരിശോധിക്കുന്ന തിന് ആവശ്യമായ അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ മീറ്റർ 5 ലാബുകളിലാണ് നിലവിലുള്ളത്. ലാബുകളുടെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ രാസ വസ്തുക്കളും ഉപകരണങ്ങളും'മോഡേണൈ സേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്' പദ്ധതയിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. സ്വന്തമായ വാഹനങ്ങളില്ലെങ്കിലും കൃഷി ഭവനുകളിൽ നിന്ന് മണ്ണ് സാമ്പിളുകൾ ശേഖരി ക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചിലവ് 'മോഡേണൈ സേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ് 'പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. സംസ്ഥാനത്ത് 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ നിലവിലുണ്ടെങ്കിലും 3 ലാബുകൾക്ക് മണ്ണ് പരിശോധനയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥർ ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി സജ്ജമാക്കേണ്ടതുണ്ട്.

(ഡി) കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച പരിശോധനയ്ക്ക് പ്രസ്തുത ലാബുകൾ ഉപയുക്തമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഡി) രോഗങ്ങളെ സംബന്ധിച്ച പരിശോധനയ്ക്ക് പ്രസ്തുത ലാബുകൾ ഉപയുക്തമല്ല.

സെക്ഷൻ ഓഫീസർ